No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## MBBS/BDS ഒഴികെയുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകൾ-2013 അലോട്ട്മെന്റ് റദ്ദാക്കുന്നത് സംബന്ധിച്ച്

ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അഡ്മിഷൻ എടുത്ത ശേഷം അലോട്ടുമെന്റ് റദ്ദ് ചെയ്ത് അലോട്ടുമെന്റ് പ്രക്രിയയിൽ നിന്നും പുറത്തുപോകാൻ ആഗ്രഹിക്കുന്നവർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ തങ്ങളുടെ അഡ്മിഷൻ റദ്ദാക്കുന്നതിനുള്ള അപേക്ഷ **07.07.2013 മുതൽ 08.07.2013 വൈകുന്നേരം 5 മണിവരെ** വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതിനായി **"KEAM-2013 Admission Cancellation"** എന്ന ലിങ്ക് വഴി ഹോം പേജിൽ പ്രവേശിച്ച ശേഷം അഡ്മിഷൻ റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈനായി ക്യാൻസലേഷന് സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത്, വിദ്യാർത്ഥിയും രക്ഷാകർത്താവും അതിൽ ഒപ്പിട്ട്, അലോട്ട്മെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയശേഷം **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ **09.07.2013** വൈകുന്നേരം **5** മണിക്കു മുമ്പ് സ്പീഡ് പോസ്റ്റ് മുഖേനയോ നേരിട്ടോ ലഭ്യമാക്കേണ്ടതുമാണ്. ഫാക്സ്/ഇ-മെയിൽ വഴി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അലോട്ടുമെന്റ് റദ്ദാക്കാൻ അപേക്ഷിക്കുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും അതോടൊപ്പം എല്ലാ ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. നഷ്ടപ്പെടുന്ന അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും യാതൊരു കാരണവശാലും പിന്നീട് തിരികെ ലഭിക്കുന്നതല്ല. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം റദ്ദ് ചെയ്യാൻ സമർപ്പിക്കുന്ന അപേക്ഷകൾ **09.07.2013** ന് ശേഷം പരിഗണിക്കുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
06.07.2013